# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 251 — 21.06.2012 ൽ മറുപടിക്ക്

## പിന്നോക്ക/ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

**ചോദ്യം**

ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി
ശ്രീ.കെ.എം.ഷാജി
ശ്രീ. പി.ഉബൈദുള്ള

(എ) പിന്നോക്ക/ന്യൂനപക്ഷ സമുദായങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പ് നൽകി വരുന്ന സ്കോളർഷിപ്പുകളെ സംബന്ധിച്ച് വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
( വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) 1. പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

ന്യൂനപക്ഷ വിഭാഗങ്ങളിലെ മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധിസ്റ്റ്, പാഴ്സി വിഭാഗങ്ങളിൽപ്പെട്ട 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് 2008 മുതൽ ഓരോരുത്തർക്കും 1000/- രൂപാ നിരക്കിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകി വരുന്നു. ഈ പദ്ധതിപ്രകാരമുള്ള ആകെ ചെലവിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കുന്നു.

2. മുസ്ലിം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നോക്ക ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ള മറ്റ് മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്

25000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള മേൽപ്പറഞ്ഞ എല്ലാ വിഭാഗത്തിലെയും പെൺകുട്ടികൾക്ക് യു.പി. വിഭാഗത്തിന് 125/- രൂപ. ഹൈസ്കൂൾ വിഭാഗത്തിന് 150/- രൂപ എന്ന ക്രമത്തിൽ സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നു.

കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ മന്ത്രാലയം (മിനിസ്ട്രി ഓഫ് മൈനോരിറ്റി അഫയേഴ്സ്) മെരിറ്റ് കം-മീൻസ് സ്കോളർഷിപ്പ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പു മുഖേന വിതരണം ചെയ്തു വരുന്നു. ന്യൂനപക്ഷ സമുദായങ്ങളായ ക്രിസ്ത്യൻ, മുസ്ലിം, സിക്ക്, ബുദ്ധിസ്റ്റ് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഒരു സ്കോളർഷിപ്പാണിത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ബിരുദ/ ബിരുദാനന്തരബിരുദ/ പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്കാണ് ഈ സ്കോളർഷിപ്പ് ലഭിക്കുന്നത്. പരമാവധി 10,000/- രൂപ വരെ മെയിന്റനൻസ് അലവൻസായും 20,000/- രൂപ വരെ ട്യൂഷൻ ഫീസായും ലഭിക്കുന്നു. എന്നാൽ കേന്ദ്ര സർക്കാർ ലിസ്റ്റഡ് ഇൻസ്റ്റിറ്റ്യൂഷൻ ഗണത്തിൽപ്പെടുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മേൽ വിവരിച്ച പരിധി ഇല്ലാതെ അവർ അടയ്ക്കുന്ന മൊത്തം കോഴ്സ് ഫീസും റീ ഇംപേഴ്സ്മെന്റ് ചെയ്ത് കൊടുക്കുന്നു.

(ബി) ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഈ വിഭാഗത്തിലെ സമർത്ഥരായ കുട്ടികൾക്ക് എന്തൊക്കെ പഠന സഹായങ്ങൾ നൽകി വരുന്നുണ്ട്;

(ബി) ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ പഠനത്തിൽ മികവ് പുലർത്തുന്ന പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിവർഷം 5000/- രൂപ വച്ച് മെരിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ 2007-08 അധ്യയന വർഷം മുതൽ നൽകി വരുന്നു. ഈ സ്കോളർ ഷിപ്പിന് പിന്നോക്ക ന്യൂനപക്ഷ വേർതിരിവ് ബാധകമല്ല. ബിരുദ ബിരുദാനന്തര കോഴ്സു കളിൽ പഠിക്കുന്ന കുട്ടിൾക്കും സ്കോളർഷിപ്പ് നൽകുന്നുണ്ട്.

(സി) ഇപ്പോൾ നൽകി വരുന്ന സ്കോളർഷിപ്പ് തുക വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ചതായതുകൊണ്ട്, പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ തുക വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ?

(സി) 1. <u>പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി (ന്യൂനപക്ഷ ക്ഷേമം)</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

2. മുസ്ലിം/നാടാർ/ആംഗ്ലോ ഇൻഡ്യൻ/മറ്റു പിന്നോക്ക ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ള മറ്റ് മുന്നോക്ക വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

എന്നാൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാരാണ് പരിഗണിക്കേണ്ടത്.

സെക്ഷൻ ഓഫീസർ